(ബി) യോഗത്തിൽ സമരം ഒത്തുതീർപ്പാക്കുന്നതിന് എന്തെല്ലാം തീരുമാനങ്ങളാണ് സർക്കാർ എടുത്തതെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രശ്നങ്ങളിലാണ് ഒത്തുതീർപ്പ് ധാരണയുണ്ടായതെന്ന് പറയാമോ;

(ഡി) വിദ്യാർത്ഥി സമരത്തെ തുടർന്ന് വിദ്യാർത്ഥികളുടെ പേരിൽ എടുത്തിട്ടുള്ള കേസുകളെ സംബന്ധിച്ച എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) വിളിച്ചിരുന്നു. 5-7-2005, 10-7-2005 തീയതികളിലാണ് സർവ്വകക്ഷി യോഗം വിളിച്ചിരുന്നത്.

(ബി) & (സി) CAPE -ന്റെ കീഴിലുള്ള സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ മെരിറ്റ് സീറ്റിൽ പ്രവേശിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് കോളേജുകളിലെ ഫീസ് നിരക്ക് ബാധകമാക്കാമെന്ന് സമ്മതിച്ചു. പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മെരിറ്റ് സീറ്റുകളിൽ കഴിഞ്ഞ വർഷം പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നിരക്കിലുള്ള ഫീസ് ബാധകമാക്കാമെന്നും സമ്മതിച്ചു ഇക്കൊല്ലം കൗൺസിലിംഗ് പൂർത്തിയാക്കിയ സാഹചര്യത്തിൽ പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മെരിറ്റ് സീറ്റിൽ പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഫീസ് നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാമെന്ന് തീരുമാനിച്ചു ഇതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടാവുകയാണെങ്കിൽ അങ്ങനെയുള്ള വിദ്യാർത്ഥികളെ മറ്റു വിധത്തിൽ സഹായിക്കുന്ന കാര്യവും പരിഗണിക്കുന്നതാണെന്ന് തീരുമാനമായി.

(ഡി) കേസുകൾ പിൻവലിക്കുകയില്ലെന്നും എന്നാൽ ജാമ്യം നൽകുന്നതിന് അനുകൂലമായ നിലപാടെടുക്കുന്നതാണ്.

## വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും സംവിധാനങ്ങൾ

*10 [253] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ*:

" *വി. കെ. ചന്ദ്രൻ*:

" *വി. കെ. സി. മമ്മത് കോയ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ തടയുന്നതിന് സെൻട്രൽ ഹെൽത്ത് സെക്ടർ പ്രോഗ്രാം അനുസരിച്ച് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഡെങ്കിപ്പനി, ഹെമറേജ് ഫീവർ, മലേറിയ, വൈറൽ ഫീവർ തുടങ്ങിയ മാരകമായ പകർച്ച വ്യാധികൾ തടയാൻ കേന്ദ്ര ആരോഗ്യ വകുപ്പിനോട് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) ഇതിൻപ്രകാരം ഏതെങ്കിലും അടിയന്തിര സഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ലോകാരോഗ്യ സംഘടനയടക്കം മറ്റ് അന്തർദേശീയ സംഘടനകളിൽ നിന്നും ഇതിനായി ഏതെങ്കിലും തരത്തിലുള്ള സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) പകർച്ചവ്യാധികൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിലേക്കുമായി വിവിധ തരത്തിലുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. പകർച്ച വ്യാധികളിൽ പ്രധാനപ്പെട്ട രോഗങ്ങളായ മലമ്പനി, ഡെങ്കിപ്പനി, എലിപ്പനി മുതലായവ കണ്ടുപിടിക്കുവാനായി എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും സംവിധാനങ്ങൾ കൂടുതലായി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി രോഗ നിർണ്ണയത്തിനാവശ്യമായ കിറ്റുകൾ, എലീസ റീഡറുകൾ മുതലായവ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ പ്രവർത്തിച്ചു വരുന്ന സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും, മെഡിക്കൽ കോളേജുകളിലും ഈ സംവിധാനം നിലവിലുണ്ട്. മലമ്പനി രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുൾപ്പെടെ എല്ലാ ആശുപത്രികളിലും സൗകര്യങ്ങളുണ്ട്.

പകർച്ചവ്യാധികൾ കാലേകൂട്ടി കണ്ടുപിടിക്കുന്നത് പോലെതന്നെ അവ തടയുവാനും നിയന്ത്രിക്കുവാനും വേണ്ട പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യ പ്രവർത്തകർ എല്ലാ മാസവും ഭവന സന്ദർശനത്തിലൂടെ രക്ത സാമ്പിളുകൾ ശേഖരിച്ച് അവ ആശുപത്രിയിലും മറ്റ് ലബോറട്ടറികളിലുമെത്തിച്ച് രോഗ നിർണ്ണയം നടത്തി കാലേകൂട്ടിയുള്ള ചികിത്സ ലഭ്യമാക്കിവരുന്നു. പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഇന്റർസെക്ടറൽ മീറ്റിംഗിൽ ഇതര വകുപ്പുകളുടെ സഹകരണം ലഭ്യമാക്കുന്നതിലേക്കായി ഒരു കർമ്മ പദ്ധതിക്ക് രൂപം കൊടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണം, കൃഷി, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളുടേയും സന്നദ്ധസംഘടനകളുടേയും മറ്റും സഹകരണത്തോടുകൂടി എല്ലാ ജില്ലകളിലും ഊർജ്ജിതമായ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ എല്ലാ ജില്ലകൾക്കും പ്രതിരോധ



LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ വ്യാപിപ്പിക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഓരോ ലക്ഷം രൂപ വീതം നൽകുവാനും തീരുമാനമായി. കൊതുകുജന്യരോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് കൊതുക് നശീകരണത്തിനായി കീടനാശിനി തളിക്കൽ, കൂത്താടി ഭോജി മൽസ്യങ്ങളെ ജലശേഖരങ്ങളിൽ നിക്ഷേപിക്കൽ, ഫോഗിംഗ് മുതലായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ, നോട്ടീസ് വിതരണം, ദൃശ്യശ്രവ്യ മാദ്ധ്യമങ്ങളിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും വിവിധ തരത്തിലുള്ള ബോധവൽക്കരണ-ആരോഗ്യ-വിദ്യാഭ്യാസ ക്ലാസ്സുകൾ, ചർച്ചകൾ ഇവയും നടത്തിവരുന്നു.

(ബി) സെൻട്രൽ ഹെൽത്ത് സെക്ടർ പ്രോഗ്രാം അനുസരിച്ച് ഇതിനായി ധനസഹായം ലഭിച്ചിട്ടില്ല. എന്നാൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഒൻപതു കോടി അൻപത്തിഒൻപതുലക്ഷം രൂപയുടെ ഐ. ഡി. എസ്. പ്രോഗ്രാമിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായി ഒരു കോടി അൻപത്തിയാറുലക്ഷത്തി എഴുപത്തേഴായിരത്തി ഇരുന്നൂറ്റിയൻപത് രൂപ ഈ സാമ്പത്തിക വർഷം കേരള സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ നടപ്പിലാക്കിവരുന്നു.

(സി) ഡെങ്കിപ്പനി, മലേറിയ തുടങ്ങിയ പകർച്ച വ്യാധികൾ തടയുന്നതിലേക്കായി കീടനാശിനികൾ, മരുന്ന് രോഗനിർണ്ണയത്തിനായുള്ള കിറ്റുകൾ എന്നിവ മഴക്കാലത്തിന് മുൻപ് തന്നെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോടാവശ്യപ്പെട്ടിരുന്നു.

(ഡി) കീടനാശിനികൾ, മരുന്ന്, മുതലായവ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഇ) ലോകാരോഗ്യ സംഘടനയുടെ സഹായത്തോടുകൂടി മന്തുരോഗ നിർമ്മാർജ്ജന പരിപാടി നടപ്പിലാക്കിവരുന്നുണ്ട്. 2004-2005 വർഷം ഒരു കോടി അഞ്ച് ലക്ഷം രൂപ സമൂഹ മന്തു രോഗ നിർമ്മാർജ്ജന പരിപാടിക്കായി കേരള സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാം റൗണ്ട് പൂർത്തിയാക്കിക്കഴിഞ്ഞു.

**ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കൽ**

*11 [254] *ശ്രീ. റോഷി അഗസ്റ്റിൻ:*

" *തോമസ് ചാഴികാടൻ:*

" *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ജനസേവന കേന്ദ്രങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly